വരുന്നതിനാലും, ബാങ്കുകളും മറ്റു ധനകാര്യസ്ഥാപനങ്ങളും കുറഞ്ഞ പലിശയ്ക്ക് വീടും സ്ഥലവും വാങ്ങുവാൻ വായ്പ നൽകുന്നതിനാലുമാണ്.

(ഡി) ഇതുവരെ 175 ഫ്ളാറ്റുകളും 286 വീടുകളും 197 പ്ലോട്ടുകളും ഉൾപ്പെടെ മൊത്തം 658 യൂണിറ്റുകളാണ് ലേലത്തിൽ വിറ്റത്. ഈയിനത്തിൽ 3681.76 ലക്ഷം രൂപ ബോർഡിന് ലഭിച്ചിട്ടുണ്ട്.

ഹോസ്ദുർഗ് മിനി സിവിൽ സ്റ്റേഷൻ

34 [3558] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് മിനി സിവിൽ സ്റ്റേഷനു വേണ്ടി തറക്കല്ലിട്ട് വർഷങ്ങളായിട്ടും പണി തുടങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണി തുടങ്ങാനുള്ള കാലതാമസമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് പണി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) — (സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡു വഴി റവന്യൂ ടവർ നിർമ്മിക്കുന്നതിനാണ് തറക്കല്ലിട്ടത്. ഹോസ്ദുർഗിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

നൂറുദിന പരിപാടി

35 [3560] *ശ്രീ. ബിനോയ് വിശ്വം:*

„ *മാങ്കോട് രാധാകൃഷ്ണൻ:*

„ *പി. നാരായണൻ:*

„ *എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി മരാമത്ത് വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ എത്ര കി. മീ. റോഡുകൾ ഏറ്റെടുക്കുവാനാണുദ്ദേശിച്ചിട്ടുള്ളത് ; ഇതുവരെ എത്ര കി. മീ. റോഡ് ഏറ്റെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly